# ചില കാലങ്ങളിൽ ചില ഗായത്രിമാർ

ഇത് പുതിയ കാലം, രാമചന്ദ്രാ.

ഈ കെട്ട കാലത്ത് എങ്ങിനെയാണ് ഞാനെന്റെ കൊച്ചുമനസ്സിനെ വരുതിയിൽ നിറുത്തേണ്ടത്, ഗായത്രി ചോദിക്കുന്നു. അതായത്, എന്റേതും, മാഗിയുടേതുമായ പകലുകളെ, രാത്രികളെ; ഞങ്ങളുടെ ഓർമ്മകളെ, മറവികളെ, സങ്കടങ്ങളെ.

അതെ, ഞാനിപ്പോൾ വിളികേന്ദ്രത്തിലെ വിശ്രമമുറിയിൽ തന്നെ. രാത്രിവേല തുടങ്ങുന്നതിനു മുമ്പുള്ള അന്തിവെട്ടത്തിൽ ഇത്തിരിനേരം കൂടി എനിക്കെന്റെ സ്വന്തം പേര് കാക്കാനാകുന്നു.

പകൽ ഗായത്രി, രാത്രി മാഗി.

ഇത് വിളികേന്ദ്രം എനിക്ക് കനിഞ്ഞ് ചാർത്തിത്തന്ന വിളിപ്പേര്. ഗായത്രിയെന്ന പേര് കൊള്ളാമെങ്കിലും രാപ്പണിക്ക് അത് പോരല്ലോയെന്ന് പറഞ്ഞു, വൻകരകൾക്കപ്പുറത്തു നിന്ന് വിളിക്കുന്നവരുടെ നാവിന് വഴങ്ങുന്ന കുറെ പേരുകൾ കാട്ടി അതിലൊന്ന് എടുത്തോളാൻ പറഞ്ഞു, സൂപ്പർവൈസർ സെലീനാമാഡം. ഏതായാലും മതിയെന്ന് ആദ്യം പറഞ്ഞെങ്കിലും വിളിപ്പൊരുത്തവും, മുഖപ്പൊരുത്തവും നോക്കി മാഡം തന്നെ എനിക്ക് പേരിട്ടു. മാർഗററ്റ്. പിന്നെ കടിഞ്ഞൂൽകുഞ്ഞിനോടുള്ള വാത്സല്യത്തോടെ, കാതിൽ മൂന്നുവട്ടം പേര് വിളിച്ചു - മാഗി മാഗി മാഗി.

അങ്ങിനെ അന്തിക്കൂട്ടായി കിട്ടിയ പുതിയ പേരിന്റെ ഇനിപ്പ് നുണഞ്ഞുകൊണ്ട് ക്യാബിന് പുറത്തേക്ക് കടക്കുമ്പോൾ പുറകിൽനിന്ന് സെലീനാമാഡത്തിന്റെ ആൺകുരൽ കേട്ടു.

എത്ര്യായാലും അപ്പനമ്മാരിട്ട പേര് മറക്കല്ലേ കൊച്ചേ...

ഗായത്രിയെന്ന പേരിട്ടത് അമ്മയായിരുന്നു. വല്ലാതെ മോഹിച്ചിട്ടൊരു പേര്. ഓർക്കാപ്പുറത്ത് തന്റെ ജീവിത ത്തിലേക്ക് കടന്നുവന്നവൾ. ഇരുപത്തിനാലക്ഷരങ്ങൾ ചുരുങ്ങി മൂന്നിലേക്കൊതുങ്ങിയപ്പോൾ അമ്മയ്ക്ക് ആ പേര് ഒരു രക്ഷാമന്ത്രമായി മാറി. അന്ന് ആസാമിലെ ഏതോ കാട്ടിലായിരുന്ന അച്ഛൻ പിന്നീടാ പേര് വിളിച്ചത് എത്രയോ കഴിഞ്ഞ്, ഏതോ അവധിക്കാലസന്ധ്യയിൽ. ഞാൻ പേരെഴുതാൻ പഠിക്കുന്നതിനു മുമ്പേ അച്ഛൻ കടല് കടന്ന് മറ്റൊരു കാട്ടിലെത്തിയിരുന്നു. പട്ടാളത്തിൽ അച്ഛന് വിധിച്ചത് കാടുകളായിരുന്നിരിക്കാം. എന്തായാലും, യുദ്ധം ചെയ്തു സമാധാനമുണ്ടാക്കാനായി ലങ്കയിലേക്ക് ചാടുമ്പോൾ അച്ഛന്റെ ഒരേയൊരു മനസ്താപം ഒരു വാലുപോലുമില്ലാതെ രാമദാസനായി ലങ്കയിൽ പോകുന്നതിന്റെ പോക്കണംകേട് മാത്രമായിരുന്നത്രെ.

പിന്നീട് അച്ഛനെ പറ്റി അധികം കേൾക്കാനായില്ല അമ്മയ്ക്ക്. സമാധാനം കാക്കാൻ പോയ ആദ്യ സംഘത്തിൽ പെട്ട മിക്കവരും സമാധാനം കിട്ടാതെ മടങ്ങിയെത്തി. പോയവരിൽ നിന്ന് മടങ്ങിയവരെ കുറച്ച്, ഉയിര് പോയവരെ തള്ളി, അങ്ങിനെ വിരല് മടക്കുമ്പോൾ സർക്കാരിന് പലതവണ കണക്ക് തെറ്റി. ഒടുവിൽ അതൊരു മൂന്നെണ്ണത്തിന്റെ വ്യത്യാസ ത്തിൽ ഒതുങ്ങി. ആ ശരിയാകാത്ത കണക്കുകൾക്കിടയിൽ, സർക്കാർ രേഖകളുടെ കുരുക്കിൽ എവിടെയോ കിടന്നു ഏറെ പിടഞ്ഞിരിക്കണം പാവം രാമദാസന്നായർ. തെരഞ്ഞു പോയവരുടെ മുമ്പിൽ വച്ച് പലതവണ വിരൽ മടക്കി, കണക്കുകൂട്ടി, സർക്കാർയന്ത്രം അപ്പോഴും മുരണ്ടു കൊണ്ടിരുന്നു, വരും, വരാതിരിക്കില്ല.

കുറെ നാൾ കഴിഞ്ഞപ്പോൾ, യന്ത്രത്തിനും മടുത്തപ്പോൾ, വിരലുകൾ മടങ്ങാതായി.

വസുമതിയമ്മ മാത്രം പിന്നെയും കാത്തിരുന്നു കുറെക്കാലം.

ഇടയ്ക്കൊക്കെ മനസ്സിന്റെ പിടി വല്ലാതെ വിട്ടുപോകുമ്പോൾ തെക്കുവശത്തെ ഇറയത്തിരുന്ന്, തെക്കേ ഇരുട്ടിലേക്ക് തുറിച്ചു നോക്കിക്കൊണ്ട് വസുമതിയമ്മ ചോദിക്കാറുണ്ട്.

ഇനിയും കാക്കണോ, എന്റെ ഭഗവതീ !

നെഞ്ചത്ത് കൈവച്ചുള്ള ആ ചോദ്യത്തിന് മറുപടിയില്ല, അച്ഛൻ പോയ കാടിനും, പത്തു നാവുകളുള്ള ലങ്കേശനും, ആയിരം വിരലുകളുള്ള സർക്കാരിനും.

ഒടുവിൽ ഒന്ന് ഇരുത്തിമൂളിയിട്ട് വസുമതിയമ്മയും പിന്മാറി. ഏതാണ്ടൊക്കെ മനസ്സിലായിരിക്കുന്നു അവർ ക്കിപ്പോൾ. ഒപ്പം വസുമതിയമ്മയുടെ മടിയിൽക്കിടന്ന് ഗായത്രിയും മൂളി. ഏതാണ്ടൊക്കെ മനസ്സിലായി രിക്കുന്നു അവൾക്കുമിപ്പോൾ.

അങ്ങിനെയിരിക്കെ, ഒരു നട്ടുച്ചക്ക് നന്നെ കറുകറുത്തൊരാൾ പടി കയറി വന്നു. മയിലാടുംതുറൈ ക്കാരൻ ഒരു അളകേശൻ. മുഖത്ത് സങ്കടം വരുത്താൻ പണിപ്പെട്ടുകൊണ്ട് അയാൾ പറഞ്ഞു, ആശ വിടരുത് വസുമതിയമ്മാ, വാവുന്നിയയിലെ ഏതോ പുലിമടയിൽ കണ്ടവരുണ്ട്. കൂടെ പേരറിയാത്തൊരു തെലുങ്കനും. വാവുന്നിയയുമായി ബന്ധപ്പെടാനും വഴിയുണ്ട്. ഇത് കടവുൾ വിധിച്ച വനവാസക്കാലമായി കണ്ടാൽ മതി.

അതുകേട്ട് അമ്പലപ്പാടത്തെ ആൽത്തറയിലിരുന്ന് വാർഡ്മെമ്പർ അയ്യപ്പൻ ഉറക്കെ ചിരിച്ചു. വനവാ സമാണത്രെ രാമദാസന് ! അന്നേ ഞാൻ പറഞ്ഞതാ, പുലി പിടിച്ചതായിരിക്കുമെന്ന്. അതും ഏതു സൈസ് പുലി ? പിടിച്ചാൽ വിട്വോ അവൻ.

എന്തായാലും, പിന്നീട് ഒന്നും രണ്ടും പറഞ്ഞ് കുറെനാൾ കയറിയിറങ്ങി നടന്നു, മയിലാടുംതുറൈ ക്കാരൻ അളകേശൻ. ആ വകയ്ക്ക് കുറെ കാശ് വസുമതിയമ്മയുടെ കൈയിൽ നിന്ന് പിടുങ്ങുകയും ചെയ്തു.

ഒടുവിൽ വസുമതിയമ്മയും സമാധാനിക്കാൻ തുടങ്ങി, വാലില്ലാതെ ലങ്കയിൽ പോയതിന്റെ ശിക്ഷയാ കാം. അല്ലെങ്കിൽ മുത്തശ്ശിയുടെ മടിയിൽ കിടന്ന് ഒരുപാട് രാമായണം കേട്ടതിന്റെ കേട്....

ഇപ്പോഴെന്തേ, ഇവൾ ഇതൊക്കെ ഓർക്കാൻ, എന്നാവും രാമചന്ദ്രന്റെ മനസ്സിൽ, അല്ലേ ? എങ്കിൽ പറയാം, ഇന്നലെ സ്വപ്നത്തിൽ വന്നു എന്റച്ഛൻ. കണ്ട ഓർമ്മയില്ലാത്ത അച്ഛൻ. പക്ഷെ, കണ്ട അച്ഛനെക്കാൾ വലിയ ഓർമ്മയല്ലേ കാണാത്ത അച്ഛൻ ? എത്രയോ തരത്തിൽ എത്രയോ അച്ഛന്മാർ. പക്ഷെ, വെളുപ്പിന് കണ്ട അച്ഛന്റെ മേലാകെ വലിയ പുള്ളിക്കുത്തുകളായിരുന്നു. പിന്നെ നരച്ച പുലിരോമങ്ങളും, തിളങ്ങുന്ന രാക്കണ്ണു കളും. അച്ഛന്റെ ഇണക്കമില്ലാത്ത ശബ്ദത്തിൽ ഞാൻ കാണാത്ത കാടുകളുടെ വന്യതയും അന്തമില്ലായ്മയുമു ണ്ടായിരുന്നു.

ആദ്യമായിട്ടാണ് ഇങ്ങിനെയൊക്കെ. വളർച്ചയുടെ ഒരു ഘട്ടത്തിലും ഒരച്ഛന് വേണ്ടി മോഹിച്ചിട്ടില്ല ഞാൻ. ഇടയ്ക്കെങ്കിലും അച്ഛനെപ്പറ്റി ഓർമ്മിപ്പിക്കുക, രണ്ടച്ഛന്മാർക്ക് പിറന്ന അമ്മയുടെ ഒരു ശീലമായിരുന്നു. മറക്കരുത് മോളേ, മനസ്സിലെങ്കിലും കാണണം എപ്പോഴും ഒരു പിതൃസ്വരൂപത്തെ. അച്ഛനില്ലാതെയുള്ള വളർച്ച പറഞ്ഞതല്ല ഒരു പെൺകുട്ടിക്ക് .

അങ്ങിനെ തന്നെ പറഞ്ഞു മാഗിയും ഒരുനാൾ. അവൾക്കുമുണ്ടായിരുന്നിരിക്കണം ഒരു കാലത്തൊരു അച്ഛൻ. മയിലാടുംതുറൈക്കാരൻ അളകേശൻ വന്നുംപോയും കൊണ്ടിരിക്കുന്നതിനിടയിൽ അനുശോചന യോഗങ്ങൾ മൂന്നെണ്ണം കഴിഞ്ഞു. നിറയെ ആളും കൂടി. എല്ലായിടത്തും വെള്ളസാരി ചുറ്റി, തലയും കുമ്പിട്ട്, അമ്മ സ്റ്റേജിലിരുന്നു; അമ്മയുടെ മടിയിൽ ഞാനും. സ്വർണ്ണപ്പല്ലുള്ള എമ്മെല്ലെയും, പല്ലില്ലാത്ത പഞ്ചായത്ത് പ്രസിഡന്റും, പല്ലുകൊഴിഞ്ഞ എക്സ്സർവ്വീസുകാരും വലിയ സങ്കടത്തോടെ പ്രസംഗിക്കുന്നത് കേട്ടപ്പോൾ തനിക്കൊന്നും തോന്നിയില്ലെന്ന് അമ്മ പിന്നീട് പറഞ്ഞു. അമ്മയുടെ മടിയിൽ ഇരുന്നിരുന്ന തനിക്കും ഒന്നും തോന്നിയിരുന്നില്ലെന്ന് ഗായത്രിക്കും ഓർമ്മയുണ്ട്. ആകെക്കൂടി ഓർമ്മയുള്ളത് വലിയ ഒച്ചയിൽ കേട്ട ബലി കുടീരങ്ങളേേേ എന്ന പാട്ട് മാത്രമാണ്.

എന്തായാലും ലങ്കയിൽ വെച്ച് പുലിപിടിച്ച വകയിൽ വസുമതിയമ്മയുടെ മകൾക്ക് സർക്കാർജോലി ഉറപ്പാണെന്ന് എമ്മെല്ലെ മൈക്കിലൂടെ വിളിച്ചു പറഞ്ഞു. പക്ഷെ, പ്രായപൂർത്തിയാകുന്നതു വരെ കാത്തിരു ന്നേ പറ്റൂ. ആളുകൾ കൈയടിച്ചു. ഭാവിയിലെ സർക്കാർ ഉദ്യോഗസ്ഥയുടെ നേർക്ക് അവർ ആദരവോടെ നോക്കി.

ഒരു സന്ധ്യക്ക്, നാമം ചൊല്ലാനിരിക്കുമ്പോൾ, അമ്മയുടെ കണ്ണുകൾ വല്ലാതെ നനയുന്നതു കണ്ടു. ചിലർക്ക് വിധിച്ചത് കാടായിരിക്കും, അമ്മ പറഞ്ഞു. ആയ്ക്കോട്ടെ. പക്ഷെ, ഒന്നു വിളിച്ചിരുന്നെങ്കിൽ ഞാനും ചെല്ലുമായിരുന്നല്ലോ കൂടെ. നാട്ടിലും കാട്ടിലും ഒപ്പം നിൽക്കേണ്ടവളല്ലേ ഞാൻ ? അവർ എന്തൊക്കെയോ ഓർത്തെടുക്കാൻ പണിപ്പെടുന്നതു പോലെ തോന്നി....

കോളേജിലായപ്പോഴേക്കും അമ്മയും പോയെങ്കിലും എങ്ങനെയോ പിടിച്ചുനിന്നു. കാട്ടുമുളകൾ ക്കെന്തിന് ഊന്നും തണലും? ആരൊക്കെയോ കൂടി പിരിവെടുത്ത് പാവപ്പെട്ട പെൺകുട്ടികളുടെ ഹോസ്റ്റലി ലാക്കി. പഠിക്കാൻ കൊള്ളാവുന്നതു കൊണ്ടാകാം, മുട്ട് വന്നപ്പോൾ ചില അകന്ന ബന്ധുക്കളും കനിവ് കാട്ടി. പിന്നീട്, അവരിൽ ചിലർ കുറുമ്പ് കാട്ടാൻ തുടങ്ങിയപ്പോഴായിരിക്കണം കാട്ടുചെടിക്ക് താനേ മുള്ളുകൾ

മുളച്ചത്. ജർമ്മനിയിൽ നിന്ന് വല്ലപ്പോഴും സംഭാവനകൾ വരുത്തിത്തന്നിരുന്ന പത്രോസച്ചൻ മാത്രം ഓർമ്മിപ്പിച്ചു കൊണ്ടിരുന്നു. സൂക്ഷിച്ചോ മോളേ, കാലം പെശകാണ്....

എന്തേ രാമചന്ദ്രാ, കേൾക്കുന്നുണ്ടോ ?

ഉവ്വ്.

നീ മൂളുന്നില്ല.

മൂളിക്കൊള്ളാം.

രാമചന്ദ്രനറിയ്യോ, ആ ഹോസ്റ്റലിലും ഞാനെപ്പോഴും തനിച്ചായിരുന്നു. ആരൊക്കെയോ കൂട്ടുകൂടാൻ വന്നെ ങ്കിലും എന്റെ പ്രകൃതം കണ്ട് അവരൊക്കെ താനേ പിൻമാറി. എന്നാലും ഉള്ളിന്റെയുള്ളിൽ എനി ക്കൊരു കൂട്ട് വേണമായിരുന്നു. ആൺകൂട്ടിന്റെ സ്വാർത്ഥതയില്ലാത്ത, ശരീരങ്ങൾ ഇടപെടാത്ത, ഒരു പെൺകൂട്ട് . എന്തോ, അവിടെ അങ്ങിനെ യൊന്ന് തരപ്പെടാതിരുന്നത് എന്റെ കഴിവുകേട് കൊണ്ടു തന്നെയായിരിക്കണം.

രാമചന്ദ്രൻ മൂളിയില്ല. മൂളാനാവാത്ത എത്രയോ സന്ദർഭങ്ങൾ ഇവളുമായി ഇടപെടുമ്പോൾ....

മറ്റൊരു ദിവസം. വിളികേന്ദ്രത്തിലെ അതേ വിശ്രമമുറിയിൽ, രാത്രിപ്പണി തുടങ്ങുന്നതിനു മുമ്പുള്ള അന്തി വെട്ടത്തിൽ.

മാഗിയാകാൻ അധികം നേരം വേണ്ടെനിക്ക്, ഗായത്രിയുടെ ശബ്ദം കേട്ടു. പക്ഷെ, മാഗിയിൽ നിന്ന് ഗായത്രിയിലേക്കുള്ള തിരിച്ചുവരവാണ് പാട്. പണി തീർന്ന് പുറത്തിറങ്ങുമ്പോൾ ആകെ അന്ധാളിപ്പാണ്. സത്യത്തിൽ ആരാണ് ഞാൻ ? വീട്ടിലെത്തിയാലും ആ കുസൃതിക്കാരിയായ വെള്ളക്കാരി എന്റെ ഉള്ളിൽ നിന്ന് ഇറങ്ങിപ്പോകാൻ മടിക്കുന്നതു പോലെ.....

അൽപ്പം കഴിഞ്ഞ് ഗായത്രി തുടർന്നു.

മടുത്തു തുടങ്ങിയിരിക്കണു എനിക്കീ മാഗിപ്പണി, രാമചന്ദ്രാ. അപ്പോൾ ഗായത്രിയുടെ ശബ്ദം നന്നെ തണുത്തും പതിഞ്ഞുമിരുന്നു. കരയിലും വെള്ളത്തിലുമായി ഒരുതരം മെർമെയ്ഡിന്റെ ജീവിതം. ഒരു പാതിയിൽ പകൽവെട്ടത്തിന്റെ ഗായത്രി. മറ്റേപ്പാതിയിൽ കർക്കിടകരാവിന്റെ മാഗി. പപ്പാതിയാക്കേണ്ടി വരുന്നു അകവും പുറവും. ഇതിൽ ഏതാണ് സത്യമായ ഞാൻ? ഈ സമയപ്പകർച്ചകളിൽ, മൊഴിമാറ്റങ്ങൾക്കിടയിൽ, എവിടെ യാണ് ഞാൻ ? ഇതിപ്പോൾ വെറും രണ്ടു പേരുകൾക്കിടയിലുള്ള അകലമല്ലാതായിരിക്കുന്നു. അതിനുമപ്പുറം, എനിക്ക് തന്നെ രൂപമില്ലാത്ത ഏതോ വലിയ കാടിന്റെ ഇരുളും നിശ്ചലതയും. അച്ഛൻ മറഞ്ഞ കാട്. അമ്മ തേടിയ കാട്.

വൻകരകളുടെ കോണുകളിൽ നിന്ന് വെള്ളക്കാരുടെ പല ചുവയിലുള്ള വിളികൾ വരുന്നു. അവരുടെ ഇടപാടു കളെപ്പറ്റിയുള്ള അന്വേഷണങ്ങൾ, ആശങ്കകൾ, പരാതികൾ. പലതും ഒരു ഭൂഖണ്ഡത്തിൽ നിന്നു വരുന്ന, മറ്റൊരു ഭൂഖണ്ഡ വുമായി ബന്ധപ്പെട്ട വിളികൾ. എന്റെ ഉള്ളാകെ വലിഞ്ഞു മുറുകി ഒരു പരാതി പ്പെട്ടിയായതു പോലെ. എത്രയൊക്കെ മിടുക്ക് കാട്ടിയാലും അവർക്കറിയാം ഞാൻ വെള്ളക്കാരിയായ മാഗി യല്ലെന്ന്. വയറ്റുപിഴപ്പിനായി മറ്റൊരു സമയമേഖല യുടെ ഇരുട്ടിൽ ഉറക്കമൊഴിച്ചിരിക്കുന്ന ഏതോ ഒരു മൂന്നാംലോക കറുത്തമ്മ. ഒരു വിളികൊള്ളും പെണ്ണ്. എത്ര വെളുപ്പിച്ചാലും കറുത്തവന്റെ ഒച്ച കറുകറുത്തു തന്നെ ഇരിക്കുമെന്ന, തൊലിവെളുപ്പിന്റെ ധിക്കാരത്തോടെ, ചിലർ എന്നോട് കൊഞ്ചാൻ നോക്കുന്നു. ഒന്നാം ലോകത്തിന്റെ കൊഞ്ചലുകൾ ഏറ്റു വാങ്ങാൻ വിധിക്കപ്പെട്ട പാവം മൂന്നാംലോക യൗവനം അങ്ങനെ കേട്ടുകൊണ്ടിരിക്കുന്നു..

എതിർത്തുകൂടേ, ഗായത്രീ എന്നാവും രാമചന്ദ്രൻ ചോദിക്കുക.

നിഷിദ്ധം. ഗായത്രി ചുണ്ടത്ത് വിരൽ വച്ചു. വേണമെങ്കിൽ ലേശമാകാം, അതും തഞ്ചത്തിൽ, വെള്ള ത്തൊലിയിൽ പോറലേൽക്കാതെ. വിളികേന്ദ്രത്തിലെ നിഷ്ഠകൾ കർക്കശമാകുന്നു. വിളികൊള്ളുന്ന കുട്ട്യോ ൾക്ക് അനുവദിച്ചിട്ടുള്ള ഡെസിബൽ ലെവലുകളുടെ കാര്യത്തിൽ തീരെ വിട്ടുവീഴ്ചയില്ല സെലീനാമാഡത്തിന്. അങ്ങിനെ ഒന്നാംലോക പൗരുഷത്തിന്റെ വീര്യം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട കന്യകകളിലൊന്നായി ഈ പാവം ഗായത്രിയും.

ഗായത്രിയുടെ തൊണ്ടയിടറി.

കേൾക്കുകയാണ് പതിവ്. പക്ഷെ, ഇപ്പോൾ ഇടപെടാതെ വയ്യ രാമചന്ദ്രന്.

മനസ്സിലാകുന്നുണ്ട് കുറെയൊക്കെ. തെല്ലൊരു ഭീതിയോടെ അയാൾ തലകുടഞ്ഞു. പ്രതിരോധത്തിന്റെ ഉടുത്തു കെട്ടുകളും, തീമതിലുകളുമില്ലാതെ പുറംലോകവുമായി ഇടപെടുന്ന കന്യകാത്വം. എന്തായാലും, കെട്ട് കഴിഞ്ഞാൽ പിന്നെ നിന്നെ പണിക്ക് വിടുന്ന പ്രശ്നമേയില്ല.

എന്തേ ? ഗായത്രി വല്ലാതെ നടുങ്ങിയതു പോലെ

കണ്ടോന്റെ സൈബർബീജങ്ങൾ ഏറ്റുവാങ്ങി നീ വെള്ളാരങ്കണ്ണുകളുള്ള കുഞ്ഞുങ്ങളെ പെറ്റിട്ടാലോ ?

കശ്മലൻ ! എം. സി. പി ! ഗായത്രിയുടെ ഒച്ച പൊങ്ങി. എന്തായാലും എനിക്കീ പണി വിടാനാവില്ലല്ലോ

എന്നാൽ ഇത്തരം ചതിക്കുഴികളില്ലാത്ത ഒരു പണിയിടം കണ്ടെത്താൻ നോക്ക്

അപ്പോൾ ഇത്രയും കാലം രാപ്പകൽ സാധകം ചെയ്തെടുത്ത എന്റെ വിളിനാദമോ ?

ഒരുമ്പെട്ടിറങ്ങിയാൽ, സാധകമിടുക്ക് മറ്റു മേഖലകളിലേക്കും മാറ്റാം

ഒരുമ്പെട്ടവളെന്ന പേര് കേൾപ്പിക്കാൻ എന്തായാലും എന്നെ കിട്ടില്ല....

ഒരു നീണ്ട ഇടവേളയിലൂടെ ഗായത്രി എന്തൊക്കെയോ ആലോചിക്കുന്നതു പോലെ തോന്നി. ഒടുവിൽ അവൾ നീട്ടി വിളിച്ചു.

രാമചന്ദ്രാ...

എന്തേ.....

നീ മൂളുന്നില്ല...

മൂളാം.

എന്തു പാടുപെട്ടാണ് ഇപ്പണി കിട്ടിയതെന്ന് അറിയാല്ലോ..

അത് നന്നായറിയാം രാമചന്ദ്രനും. പുലിക്കണക്കിൽ മകൾക്കൊരു ജോലി തരപ്പെടുമെന്ന് ഏറെ മോഹിച്ചതാണ് പാവം വസുമതിയമ്മ. പക്ഷെ, അതിന് മുമ്പേ അവര് പോയി. അതിനിടയിൽ എമ്മെല്ലെമാർ എത്ര മാറി. പഞ്ചായത്തു പ്രസിഡന്റുമാരും, എക്സ് സർവ്വീസ് നേതാക്കന്മാരും എത്ര മാറി. മരിച്ച എമ്മെല്ലെയുടെ ഒഴിവിൽ കയറിയ മകൾ എമ്മെല്ലെ പറഞ്ഞു, എന്റപ്പന്റെ കേസ് വേറെ, അതൊരു ഒറിജിനൽ മരണമാ. ഇവിടെ രാമദാസന്നായരെ പുലി പിടിച്ചുവെന്നതിന് എന്തുണ്ട് തെളിവ് ? കാട് കയറിയ എത്രയോ പേർ താനേ തിരികെ വരുന്നു. അല്ലെങ്കിലും, ഇത്തരം പുലിമടകളിലുണ്ടോ വല്ല വ്യവസ്ഥയും പഞ്ചാംഗവും ?

അത് ന്യായമാണെന്ന് ഗായത്രിക്കും തോന്നി. മരണത്തിലുമുണ്ട് തരാതരങ്ങൾ. ശരിക്ക് മരിക്കാനും ഭാഗ്യം ചെയ്യണം. ഒന്നുംരണ്ടും പറഞ്ഞ് എത്രകാലം നടന്നതാണ് ആ മയിലാടുംതുറൈക്കാരൻ. കാലം ഏറെ കഴിഞ്ഞ തുകൊണ്ട് ഇതിൽ ഒരു സാങ്കേതികമരണത്തിന്റെ വകുപ്പുണ്ടെന്ന് ഏതോ വക്കീൽഗുമസ്ഥൻ ചൂണ്ടിക്കാട്ടിയെങ്കിലും ആ വഴിക്ക് പോകേണ്ടെന്ന് ഉറക്കത്തിൽ വന്നു പറഞ്ഞു, വസുമതിയമ്മ.

ഉറപ്പുള്ള ഒന്നേയുള്ളൂ ജീവിതത്തിൽ, മരണം. ഇവിടെ അതിനും ഉറപ്പില്ലാതാകുമ്പോൾ അതിന്റെ പേരിലുള്ള അവകാശം നമുക്ക് വേണ്ടാ മോളേ. ആ ചോറ് നമുക്ക് പറഞ്ഞതല്ലാന്ന് കരുത്യാൽ മതി. അന്നാദ്യമായി അമ്മയുടെ ശബ്ദം വല്ലാതെ ഇടറുന്നത് മകൾ കേട്ടു.

നിനക്കറിയ്യോ രാമചന്ദ്രാ, ഞാനിപ്പോൾ ഓർക്കുന്നത് രണ്ടച്ഛന്മാരെ. എന്റച്ഛനും മാഗിയുടെ അച്ഛനും.

ഈയിടെയായി നീയാ മാഗിയെപ്പറ്റി ഒരുപാട് വേവലാതിപ്പെടാൻ തുടങ്ങിയിരിക്കുന്നു. നിന്റെ എല്ലാ പറച്ചിലുകൾക്കിടയിലും എവിടന്നോ ഒരു മാഗി കടന്നു വരുന്നു.

ശരിയാണ്. എനിക്കറിയാവുന്ന ഏറ്റവും വലിയ നേരുകളിലൊന്നായി മാറിയിരിക്കുന്നു ആ മാഗി. ഒരുപക്ഷെ, നേരിൽ കാണുന്ന ഗായത്രിയെക്കാൾ കണിശമായി എവിടെയോ ഒരു മാഗി. രാമചന്ദ്രനറിയ്യോ, ഒരിക്കൽ ഒരു ഇടവേളയിൽ, നല്ലനേരം നോക്കി ഞാൻ സെലീനാ മാഡത്തോട് ചോദിച്ചു.

മാഡം, സത്യത്തിൽ ആരാണീ മാഗി ?

മനസ്സിലാവാത്തതുപോലെ ആദ്യമൊന്നു തുറിച്ചു നോക്കിയിട്ട് തന്റെ തനതു ആണൊച്ചയിൽ സെലീനാ മാഡം പറഞ്ഞു.

നിന്റെ മേൽ വന്നു വീണ, കേൾക്കാൻ കൊള്ളാവുന്നൊരു പേര് ! അല്ലാതെന്താ ?

അത്രേയുള്ളോ ? ജീവനില്ലേ അവൾക്ക് ?

പേരിലെന്ത് ജീവൻ ?

അവൾക്കും കാണില്ലേ അവളുടേതായൊരു ലോകം ?

ഓ....

ആട്ടെ, ഒന്നു ചോദിച്ചോട്ടെ, കണ്ടാൽ എങ്ങനെയിരിക്കും നമ്മുടെയീ മാഗിക്കുട്ടി ?

നല്ല ചൊകചൊകാന്നിരിക്കണം. അല്ലാതെന്താ ?

എവിടത്തുകാരിയാണവൾ ?

കുമ്പളങ്ങിക്കാരി ! ഒന്നു പോവെന്റെ കൊച്ചേ ...

ഞാൻ സീരിയസ്സാണ് മാഡം

അത് മനസ്സിലാവണുണ്ട് ചിലപ്പഴത്തെ നിന്റെ കിറുക്കുകൾ കാണുമ്പോൾ.......വാ, ഡ്യൂട്ടിക്കുള്ള നേരമായി.

മാഡം, എന്റെ ചോദ്യത്തിനുള്ള മറുപടി തന്നില്ല.......

ഇത്രേംകാലം ഇവിടെ എന്റൊപ്പം നിന്നിട്ടും ഈ കോൾസെന്റർ ശീലങ്ങൾ വശമായില്ലേ നിനക്ക് ? ഇതൊക്കെ തൊഴിലിന്റെ ഭാഗമായി കെട്ടേണ്ടി വരുന്ന പല വേഷങ്ങളിലൊന്ന്. വേഷമഴിക്കുന്നതോടെ തീരണമെല്ലാം. അതിനപ്പുറമുള്ള അടുപ്പമൊന്നും വേണ്ടാ ഒന്നിനോടും.

അതത്ര എളുപ്പമാണോ മാഡം? മാഗിയിൽ നിന്ന് വേറിട്ടൊരു ഗായത്രിയുണ്ടോ? ഇത്രയും കാലം എന്റൊപ്പം കഴിഞ്ഞ മാഗിക്ക് ഉയിര് കൊടുക്കേണ്ടത് എന്റെ കർമ്മമല്ലേ ?

നോൺസെൻസ് ! നീ തന്നെ മാഗി, നീ തന്നെ ഗായത്രിയും

സെലീനാമാഡത്തിന്റെ ശബ്ദത്തിലെ ആ താൽപ്പര്യക്കുറവ് എന്നെ വല്ലാതെ അലട്ടി. മാഗിയെ എന്റെ ഇണയാക്കിയ മാഡമാണിത് പറയുന്നത്.

ഒരു പക്ഷെ, അതിനു ശേഷമായിരിക്കും മാഗി എന്റെ ഉള്ളിൽ വല്ലാതെ വളരാൻ തുടങ്ങിയത്.

എനിക്ക് വട്ടാണെന്ന് സെലീനാമാഡത്തിന് അപ്പോഴേ ഉറപ്പായിക്കാണണം. ഇനി ഒരവസരം കിട്ടുമ്പോൾ പുറത്തു കളയാനുള്ളവരുടെ ലിസ്റ്റിൽ ഏറ്റവും മുകളിലായി ഒരു ഗായത്രിയും.

നിനക്കെങ്കിലും മനസ്സിലാകുമല്ലോ, രാമചന്ദ്രാ ! ഗായത്രിയുടെ ശബ്ദം അയയുകയാണ്.

മനസ്സിലായില്ലെങ്കിലും, ഒരാചാരം പോലെ മൂളാൻ ശീലിച്ചിരിക്കുന്നു രാമചന്ദ്രൻ.

പതിയെ, ഞാനാ മാഗിയിലേക്ക് പ്രവേശിച്ചു കൊണ്ടിരിക്കുകയാണ് ഈയിടെയായി. ഒരു മറുപിറവി.

ഗായത്രിയുടെ ശബ്ദത്തിൽ ഇപ്പോൾ മുമ്പില്ലാത്തൊരു ആഴമുണ്ടെന്ന് രാമചന്ദ്രന് തോന്നി.

ഒന്നും മിണ്ടാനാകുന്നില്ല രാമചന്ദ്രന്. ഗായത്രിയാകട്ടെ, വലിയ ആവേശത്തിൽ തുടരുകയാണ്.......

സ്വന്തമായൊരു ലോകം കൊടുക്കാൻ നോക്കുകയാണ് മാഗിക്ക് ഞാനിപ്പോൾ.... ആദ്യം ഞാനവൾക്ക് ഒരു രൂപം കൊടുക്കാൻ നോക്കി. ചുവന്ന നിറവും, വട്ടമുഖവും, ചെമ്പൻ തലമുടിയും വെള്ളാരങ്കണ്ണുകളുമുള്ള തടിച്ചുരുണ്ടൊരു പെണ്ണ്. ന്യൂ ഓർലിയൻസിലെ ഇരുണ്ട മൂലയിലൊരു വീട്ടിൽ ജനനം. അച്ഛൻ കറുത്തവൻ. അമ്മ കിഴക്കൻ യൂറോപ്പുകാരി ജൂതസ്ത്രീ. നാസി വിളയാട്ടകാലത്ത് ഓടിപ്പോന്നവരുടെ തലമുറ. പതിന്നാലാം വയസ്സിൽ താമസം വേറെയാക്കിയെങ്കിലും ഇപ്പോഴും ആ കറുത്തച്ഛനും, ചുവന്നമ്മയും മാഗിയുടെ ഉള്ളിൽ നിറഞ്ഞു നിൽക്കുന്നു. അവളുടെ കറുപ്പും ചുവപ്പും കലർന്ന മൊഴികളിലുമുണ്ട് ആ സങ്കരച്ചുവ. അമ്മയുടെ പൂർവ്വീകരെ നിരനിരയായി ചുവരോട് ചേർത്ത് നിറുത്തി വെടിവെച്ചു വീഴ്ത്തിയിട്ട് പിടയുന്ന ശരീരങ്ങൾ തൊട്ടപ്പുറത്തെ കത്തിയെരിയുന്ന ബോയിലറുകളിലേക്ക് വലിച്ചെറിയുകയായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. അതൊക്കെ കേൾക്കുമ്പോഴും ഒന്നും തോന്നാറില്ല മാഗിക്ക്. പക്ഷെ, വലിയ ചന്തക്കാരിയായ അമ്മ പട്ടണത്തിലെ ഒരു അറിയപ്പെടുന്ന ക്രിമിനലായ കറുത്തവനിൽ എന്താണ് കണ്ടതാവോ ? ഒരുപക്ഷെ, ക്രൂരമായ നാസിക്കഥകളുടെ അടിയിൽ ഊറിക്കിടന്ന വെറുപ്പ് അവരെ ഒരു ന്യൂഓർലിയൻസ് തെമ്മാടി വരെ എത്തിച്ചതാവാം. എന്നും വഴക്കായിരുന്നു രണ്ടുപേരും തമ്മിൽ. ബഹളം മൂത്ത് രണ്ടിലൊരാൾ പുറത്തിറങ്ങി പോകുന്നതുവരെ നീണ്ടു നിൽക്കും അത്. എന്തായാലും മാഗിക്ക് വലിയ കാര്യമായിരുന്നു ആ കറുത്തച്ഛനെ. ഏതോ ബാറിൽ വച്ചു നടന്ന ഷൂട്ടൌട്ടിൽ കൊല്ലപ്പെടുന്നതു വരെ ഇടയ്ക്കൊക്കെ അയാളവളെ കാണാൻ വരുമായിരുന്നു. മോഷ്ടിച്ചെടുത്ത സാധനങ്ങൾ വർണ്ണക്കടലാസിൽ ഭംഗിയായി പൊതിഞ്ഞ് ഒരു വളിച്ച ചിരിയുമായാണ് കയറി വരിക....

മതി ഈ പരകായപ്രവേശം....മതി നിന്റെ മനസ്സിന്റെ ഈ വഴി വിട്ട യാത്രകൾ.

ഇടപെടാതിരിക്കാൻ വയ്യ രാമചന്ദ്രന്.

പരകായപ്രവേശമല്ല രാമചന്ദ്രാ. ശരീരം എന്റേതു തന്നെ. അതിനുള്ളിൽ എവിടെയോ കുടി കൊള്ളുകയാണ വൾ. ആ നിലയ്ക്ക് ഇത് സ്വന്തം അകത്തളങ്ങളിലേക്കുള്ള എന്റെ തന്നെ യാത്രയല്ലേ? വിശ്വാസം വരുന്നുണ്ടാവില്ല രാമചന്ദ്രന്. ഏതോ ചില അദൃശ്യമായ കെട്ടുപാടുകൾ ഗായത്രിക്കും, മാഗിക്കുമിടയിൽ......അങ്ങനെ നോക്കുമ്പോൾ, ഭൂഖണ്ഡങ്ങളെ കൂട്ടിയിണക്കുന്ന ഈ വിളികേന്ദ്രം തന്നെ വലിയൊരു യാഥാർത്ഥ്യമാകുകയല്ലേ? അതിലൂടെ ആ മാഗിയും. ഒരേ ഉടൽ പങ്കിടുന്ന കൂടപ്പിറപ്പ്. കളിക്കൂട്ടുകാരി. ഇണ. സപത്നി. കാമുകി. ചിലപ്പോൾ, എന്നെ വിട്ടുപോയ അമ്മയുടെ സ്ഥാനം വരെ.

അങ്ങിനെ ലഹരി പിടിച്ച ചില സ്വകാര്യനിമിഷങ്ങൾ ഒന്നിച്ചു പങ്കിടാൻ തുടങ്ങിയപ്പോഴായിരിക്കണം, എന്തോ പെട്ടെന്ന്, ഞങ്ങളുടെ ബന്ധത്തിൽ അതേവരെയുണ്ടായിരുന്ന വിശുദ്ധിയും നഷ്ടപ്പെടുന്നതു പോലെ തോന്നിത്തുടങ്ങി. എനിക്കവളെ വേണം, മുഴുവനായി വേണം. മനസ്സു കൊണ്ട് മാത്രമല്ല, ശരീരം കൊണ്ടും..

ഗായത്രി, എന്തൊക്കെയാണ് നീയീ പറയുന്നത് ?

ഞാനിപ്പോൾ അവളെ കാണാനും കേൾക്കാനും തുടങ്ങിയിരിക്കുന്നു. എന്റെ ഏതൊക്കെയോ പോരായ്മകളെ, മോഹങ്ങളെ, പൂരിപ്പിക്കുകയാണവൾ. എന്റെ മനസ്സിൽ നിറയുന്നത് അവളുടെ സ്വപ്നങ്ങൾ, പ്രണയങ്ങൾ, പരിഭവങ്ങൾ, സങ്കടങ്ങൾ.....അച്ഛന്റെ ശിങ്കിടിയായ ഒരു ഒറ്റക്കണ്ണന്റെ കൂടെ കുറെ നാൾ പൊറുത്തതാണവൾ. ഒടുവിൽ അതൊരു വലിയ വഴക്കിൽ അവസാനിച്ചപ്പോൾ രണ്ടു കാലുകളും തളർന്ന, വീൽച്ചെയറിൽ നീങ്ങുന്ന, ചിത്രകാരനായി കൂട്ടാളി. അയാൾ ഇപ്പോഴും ഒപ്പമുണ്ടെന്നു തോന്നുന്നു.

ഗായത്രീ, ഇത്രയും മെനഞ്ഞുണ്ടാക്കാൻ പാകത്തിന്....?

വലിയൊരു ലഹരിയായി അവളെന്റെ ഉള്ളിൽ നിറഞ്ഞിരിക്കുകയാണല്ലോ, രാമചന്ദ്രാ.

ഇവളുടെ മനസ്സ് കാട് കയറുകയാണ്. അച്ഛൻ പോയ കാട്. അമ്മ തേടിയ കാട്. രാമചന്ദ്രൻ തിടുക്കത്തിൽ വിഷയം മാറ്റാൻ നോക്കി.

ഇടവേള കഴിയാറായല്ലോ, രൂപാന്തരത്തിന്റെ ഏതവസ്ഥയിലാണ് നീയിപ്പോൾ?

ഏതാണ്ട് നടുമദ്ധ്യമെന്ന് പറയാം. ഗായത്രി നെടുവീർപ്പിട്ടു. പിന്നെ നീ സൂചിപ്പിച്ച ആ മറ്റൊരു ജോലിയുടെ കാര്യം. തൽക്കാലം, അതെപ്പറ്റി ആലോചിക്കാനാവില്ലെനിക്ക്.

നീ തന്നെയല്ലേ പറഞ്ഞത് ഇപ്പണി മടുത്തുവെന്ന്...

ശരിയാണ്, ചിലപ്പോഴൊക്കെ തോന്നിയിട്ടുണ്ട്, ഈ കെട്ടുപാടുകൾ വേണ്ടായിരുന്നെന്ന്. ഒരു മാറ്റത്തിലൂടെ എനിക്കും മാഗിക്കും പരസ്പരം രക്ഷപ്പെടാനായെങ്കിലോ ? പക്ഷെ, ഉടനെ തന്നെ ഞാനെന്റെ മനസ്സിനെ പിടിച്ചു നിറുത്താൻ നോക്കും. പറ്റില്ല, അങ്ങിനെയൊന്ന് ആലോചിക്കാനേ വയ്യാ.....

എന്തേ ?

എനിക്കിവിടം വിടാനാവില്ല, രാമചന്ദ്രാ.

എന്തേ...?

എനിക്കവളെ പിരിഞ്ഞിരിക്കാനാവില്ല, അവൾക്കെന്നെയും. ഗായത്രിയുടെ ശബ്ദം ചിലമ്പി. ഇവിടം വിടുന്നതോടെ അവൾ തന്നെ ഇല്ലാതാകുകയാണല്ലോ.

എന്തു പ്രാന്താണ് ഗായത്രീ, നീ പറയണത് ?

പകച്ചു പോകുകയാണ് രാമചന്ദ്രൻ. അയാൾ അറിയാതെ ചോദിച്ചു പോയി.

ഒരിക്കൽ എന്നോടൊപ്പം കഴിയേണ്ടി വരുമ്പോൾ ആരായിരിക്കും നീ ?

പകൽ ഗായത്രി. രാത്രി മാഗി. അതിലെന്തു സംശയം ?

അപ്പോൾ നമുക്ക് പിറക്കാൻ പോകുന്ന കുഞ്ഞുങ്ങളോ ? ?

കുഞ്ഞുങ്ങൾ പ്രകൃതിയുടെ സന്തതികൾ, പൂക്കളെ പോലെ, സസ്യങ്ങളെ പോലെ. അവരെ തരുന്നതും വളർത്തുന്നതും പ്രകൃതി തന്നെ. പിന്നെ അവരെപ്പറ്റി വേവലാതിയെന്തിന് ?

രാമചന്ദ്രൻ ഉറക്കെ നെടുവീർപ്പിടുമ്പോൾ ഗായത്രി രൂപാന്തരത്തിന്റെ അടുത്ത അവസ്ഥയിലേക്ക് കടക്കുകയായിരുന്നു.

*****